

ബാബ്‌ല കഥപറയുന്നു-4

# കളിപ്പാട്ടസമരം

**ഗാന്ധിജിയുടെ സെക്രട്ടറിയായിരുന്ന മഹാദേവ് ദേശായിയുടെ മകൻ നാരായൺ ദേശായ് ചെറുപ്പത്തിൽ 20 വർഷം ഗാന്ധിജിയോടൊപ്പം കഴിഞ്ഞതിന്റെ അനുഭവങ്ങൾ കൂട്ടുകാർക്കായി പങ്കുവയ്ക്കുന്നു. സാധാരണക്കാരിൽ സാധാരണക്കാരനായ ഗാന്ധിയെ എന്തുകൊണ്ടാണ് എല്ലാവരും മഹാത്മാ എന്ന് വിളിക്കുന്നതെന്ന് ബാപ്പുവിന്റെ സ്വന്തം ബാബ്‌ലയായ നാരായൺ ദേശായി ഈ കഥകളിലൂടെ നമുക്ക് പറഞ്ഞുതരുന്നു.**



ദേശീയ സ്വാതന്ത്ര്യ സമരം കൊടുമ്പിരികൊള്ളുന്ന സമയത്തായിരുന്നല്ലോ ഞാൻ ആശ്രമത്തിൽ താമസം തുടങ്ങിയത്. അച്ഛൻ പലപ്പോഴും യാത്രകളിലായിരിക്കും. പോകുന്നിടങ്ങളിലെല്ലാം അദ്ദേഹത്തിന്റെ സൗഹൃദങ്ങൾ വികസിച്ചുവന്നിരുന്നു. അത്തരമൊരു സൗഹൃദത്തിലൂടെ കുടുംബസുഹൃത്തായി മാറിയ ഒരാളായിരുന്നു ശാന്തികുമാർ നരോത്തം മൊരാർജി. ഒരു തവണ അദ്ദേഹം ബോംബെയിൽ നിന്നും കുറെ കളിപ്പാട്ടങ്ങൾ ബാബ്‌ലയ്ക്കായി സേവാഗ്രാം ആശ്രമത്തിലേക്ക് കൊടുത്തയച്ചു. 'നിർഭാഗ്യ'മെന്നു പറയട്ടെ, എനിക്ക് ലഭിക്കും മുമ്പ് തന്നെ ബാപ്പുവിന്റെ കൈകളിലാണ് അവ വന്നു ചേർന്നത്. ബാബ്‌ല യുടെ കളിപ്പാട്ടങ്ങൾ ബാപ്പു കൈയ്യടക്കി വെച്ചിരിക്കുന്നതായി എന്റെ 'രഹസ്യപോലീസുകാർ' മണത്തറിഞ്ഞു. ഞങ്ങളുടെ കളിപ്പാട്ടങ്ങൾ തിരികെ ലഭിക്കുന്നതിനായി സമരം ചെയ്യാൻ തന്നെ തീരുമാനിച്ചു. ഏതുരീതിയിലുള്ള സമരങ്ങളും ആരംഭിക്കും മുമ്പുതന്നെ എതിർപക്ഷവുമായി സംസാരിക്കാൻ പ്രതിനിധികളെ അയക്കുന്നതിനെക്കുറിച്ച് ഞങ്ങൾക്കറിയാമായിരുന്നു. കാരണം സ്വതന്ത്ര സമരത്തിന്റെ ഹൃദയസ്ഥാനത്തായിരുന്നല്ലോ താമസം. അതിനാൽ ഞങ്ങൾ കുറച്ചുപേർ ചേർന്ന് നേരെ ബാപ്പുവിന്റെ അടുക്കലേക്ക് സംഘമായി തന്നെ ചെന്നു. 'എനിക്കായി ബോബെയിൽ നിന്നു കളിപ്പാട്ടങ്ങൾ കൊടുത്തയച്ചിരിക്കുന്നതായി അറിഞ്ഞു. അത് ശരിയാണോ?' മുഖവുരയൊന്നും കൂടെ നേരിട്ടായിരുന്നു ചോദ്യം. എന്തോ എഴുതിക്കൊണ്ടിരുന്ന ബാപ്പു തെല്ലിട കഴിഞ്ഞ് എഴുത്തു നിർത്തി ചോദിച്ചു. 'ആരിത് ബാബ് ലയോ? തീർച്ചയായും നിന്റെ കളിപ്പാട്ടങ്ങൾ ആ കാണുന്ന മേശയുടെ വലിപ്പിൽ സൂക്ഷിച്ചിട്ടുണ്ട്' ഞങ്ങൾ മേശവലിപ്പു തുറന്നു നോക്കി. ഹായ്! വളരെ സുന്ദരങ്ങളായി ആരും കൊതിച്ചുപോകുന്ന ബഹുവർണ്ണങ്ങളിലുള്ള കളിപ്പാട്ടങ്ങൾ ഞങ്ങളുടെ കളിപ്പാട്ടങ്ങൾ അന്യായമായി ബാപ്പുജി തടഞ്ഞുവെക്കില്ലെന്ന് ഞങ്ങൾ കരുതി..

'ഈ കളിപ്പാട്ടങ്ങൾ ഞങ്ങൾക്കുവേണം.' ന്യായമായ ഞങ്ങളുടെ അവകാശം മറകൂടാതെ അദ്ദേഹത്തിനു മുമ്പിൽ നിരത്തി. അപ്പോഴേക്കുതന്നെ ബാപ്പുജി തന്റെ വാദം മുന്നോട്ടുവച്ചു. 'ബാബ്‌ല നിനക്കറിയാമല്ലോ ഇവയൊക്കെ വിദേശനിർമ്മിതങ്ങളാണെന്ന്, ആശ്രമത്തിലെ കുട്ടികൾ വിദേശനിർമ്മിത വസ്തുക്കൾ ഉപയോഗിക്കുകയോ? ആശ്രമം സ്വദേശവിപ്ലവത്തിന്റെ നട്ടെല്ലാണ്.' 'സ്വദേശി-വിദേശി എന്നൊന്നും എനിക്കറിയില്ല. ഈ കളിപ്പാട്ടങ്ങൾ എന്റേതാണ്. അവ എനിക്കായി കൊടുത്തയച്ചതാണ്. അതുകൊണ്ട് എനിക്ക് വേണം. ' സ്വരത്തിൽ പോരാളിയുടെ ദൃഢതയുണ്ടായിരുന്നു. ന്യായമായ ആവശ്യങ്ങൾ ഉന്നയിക്കുന്നതിന് ഭയപ്പെടേണ്ട കാര്യമെന്ത്? എന്നാൽ ബാപ്പുജിയുടെ അടുത്ത വാക്കുകൾ ഞങ്ങളെ നിരായുധീകരിക്കുകയായാണുണ്ടായത്. വിദേശീയ കളിപ്പാട്ടങ്ങൾകൊണ്ട് നമ്മളെങ്ങനെ കളിക്കും.? ഇവിടെ ബാപ്പു ഉപയോഗിച്ച സൂത്രം അദ്ദേഹത്തെയും എന്റെ കളിക്കൂട്ടുകാരനായി അംഗീകരിക്കുക എന്നുള്ളതായിരുന്നു. ബാപ്പിവിന് കളിക്കാൻ താത്പര്യമില്ലാത്ത കളിപ്പാട്ടങ്ങൾ വെച്ച് കളിക്കാൻ എനിക്കെങ്ങനെ കഴിയും.? ഈ കളിപ്പാട്ടങ്ങൾ ഉപയോഗിക്കാനുള്ള അവകാശം ബാപ്പുജി സ്വയം ത്യജിച്ചതാണ്. അതോടൊപ്പം എന്നെയും അദ്ദേഹം അതിന് നിർബന്ധിതനാക്കി.

അങ്ങിനെ യുദ്ധത്തിനായി തയ്യാറായിച്ചെന്ന പോരാളികളെ അദ്ദേഹം സ്നേഹപാശം കൊണ്ട് നിരായുധരാക്കി. വിദേശവസ്ത്രബഹിഷ്ക്കരണവും മറ്റും പ്രായോഗികജീവിതത്തിലേക്ക് കടന്നുവന്നത് അങ്ങിനെയാണ്. അദ്ദേഹം വിശ്വസിച്ചിരുന്ന ആശയങ്ങൾ സ്വന്തം കുടുംബത്തിൽ കർശനമാക്കാൻ എപ്പോഴും അദ്ദേഹം ശ്രദ്ധിക്കുകയുണ്ടായി. ' വിദേശ സാധനങ്ങൾ ബഹിഷ്ക്കരിക്കാനുള്ള വിപ്ലവം നാം നടത്തുകയാണ്. നമ്മുടെ കുട്ടികൾ നമ്മുടെ ആശ്രമത്തിൽ വിദേശ കളിപ്പാട്ടങ്ങൾ വെച്ചു കളിക്കാമോ? എന്ന ചോദ്യത്തിനു മുന്നിൽ ഞങ്ങളുടെ സമരവീര്യം തകർന്നു.

(തുടരും)